പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1073.

4.12.2014 ൽ മറുപടിയ്ക്ക്

## ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ. | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ-കോളേജുകൾ മുഖേന നടപ്പാക്കുന്ന എ.എസ്.എ.പി.(നൈപുണ്യ വികസന പദ്ധതി) നായി എ.ഡി.ബി.(ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്) യുടെ വായ്പ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടിയുടേതാണ് വായ്പ; എന്നത്തേയ്ക്ക് വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (എ) | ഉണ്ട്. 100 മില്ല്യൻ ഡോളേഴ്സ് (621 കോടി രൂപ) വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | വായ്പ നൽകാമെന്ന് എ.ഡി.ബി.യുടെ ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എ.ഡി.ബി.യുമായി സർക്കാർ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (ബി) | ഉണ്ട്. ഇത് സംബന്ധിച്ച് എ.ഡി.ബി.യുടെ പ്രതിനിധികളുമായി കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി, അസാപ്പിന്റെ പ്രവർത്തനത്തിനായി വായ്പ നൽകുന്നതിനുള്ള സമ്മതം അറിയിക്കുകയും, തുടർന്ന് കേന്ദ്ര സർക്കാർ എ.ഡി.ബി.യുമായി വായ്പ കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വായ്പയ്ക്കായി എ.ഡി.ബി.മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (സി) | ഇതൊരു RBL (Result Bassed Loan) ആണ്. 2018 നുള്ളിൽ 2,30,000 കുട്ടികൾക്ക് ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, Skill Development Centre ആയി പ്രവർത്തിക്കുന്ന, സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000 ത്തോളം സ്കിൽ ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ |

കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് എ.ഡി.ബി.യുമായി സർക്കാർ എം.ഒ.യു.ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ? | (ഡി) | സംസ്ഥാന സർക്കാർ, എ.ഡി.ബി.യുമായി 27.11.2014-ൽ ഒപ്പുവച്ച പ്രോഗ്രാം എഗ്രിമെന്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്